**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3822** **17-03-2025 - ൽ മറുപടിയ്ക്ക്**

**എൽ.ഡി ക്ലർക്ക് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിലെ എൽ.ഡി ക്ലർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും 2025 ഫെബ്രുവരി വരെ എത്ര പേർക്ക് നിയമനം നൽകാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 1045 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇതിനു പുറമെ വിവിധ വകുപ്പുകളിൽ 2025-ൽ ഉണ്ടാകുന്ന 28 പ്രതീക്ഷിത ഒഴിവുകൾ ഇതിനകം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രതീക്ഷിക്കപ്പെടുന്ന ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | 1045 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇതിനു പുറമെ വിവിധ വകുപ്പുകളിൽ 2025-ൽ ഉണ്ടാകുന്ന 28 പ്രതീക്ഷിത ഒഴിവുകൾ ഇതിനകം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (സി) | 2024, 2025 വർഷങ്ങളിൽ ഡി.പി.സി കൂടാത്ത വകുപ്പുകൾ ഏതെല്ലാമാണെന്നും; ഇക്കാരണത്താൽ പ്രൊമോഷൻ നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം എൻട്രി ലെവൽ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനെ ബാധിക്കുന്നുവെന്ന ഉദ്യോഗാർത്ഥികളുടെ ആശങ്ക പരിഹരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ഡി.പി.സി നടപടികൾ പൂർത്തീകരിച്ച് പ്രൊമോഷൻ അനുവദിക്കുന്നതിന് സമയ ക്ലിപ്തത നിശ്ചയിച്ചുകൊണ്ടുള്ള ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നതിനും എല്ലാ വർഷവും ജനുവരി 31-ന് മുമ്പായി ഡി.പി.സി നടപടിക്രമങ്ങൾ സംബന്ധിച്ച കൃത്യമായ സമാഹൃത റിപ്പോർട്ട് നിർദ്ദിഷ്ട മാതൃകയിൽ വിശദീകരണം സഹിതം ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.വി.സി) വകുപ്പിന് നൽകുന്നതിനും നിർദ്ദേശം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ